# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3648 23.06.2014 ൽ മറുപടിക്ക്

## ഇരുചക്രവാഹനങ്ങളുടെ അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാർത്ഥികളും, ചെറുപ്പക്കാരും അലക്ഷ്യമായും അനിയന്ത്രിതമായും ഇരുചക്രവാഹനങ്ങൾ ഉപയോഗിക്കുന്നതു മൂലം ഉണ്ടാകുന്ന അപകടമരണങ്ങൾ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സംസ്ഥാന ക്രൈം റെക്കാർഡ്സ് ബ്യൂറോയിൽ നിന്ന് ലഭ്യമായ വിവരമനുസരിച്ച് കഴിഞ്ഞ വർഷം അപകടങ്ങളും അപകടമരണങ്ങളും കുറഞ്ഞതായാണ് കാണുന്നത്. |
| (ബി) | അപകടമരണങ്ങൾ കുറയ്ക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദീകരിക്കുമോ? | (ബി) | പ്രായപൂർത്തിയാവാത്ത കുട്ടികൾ ലൈസൻസ് ഇല്ലാതെ വാഹനമോടിച്ച് സ്കൂളിൽ എത്തുന്നത് തടയുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ ബോധവത്കരണ ക്ലാസ്സുകളിൽ ഇതു സംബന്ധിച്ച് വ്യക്തമായ മാർഗ നിർദ്ദേശം നൽകുന്നുണ്ട്. സ്കൂൾ അധികൃതർക്ക് ഇത് സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹന പരിശോധനാ സമയത്ത് ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാറുണ്ട്. ഹെൽമെറ്റ് പരിശോധനയും സീറ്റ്ബെൽറ്റ് പരിശോധനയും നടത്തിവരുന്നു. കൂടാതെ സെർവൈലൻസ് ക്യാമറ, ഇന്റർസെപ്റ്റർ എന്നിവയിലൂടെ അമിത വേഗത, മദ്യാപാനം മുതലായവ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ